**മധുരമായ കുട്ടികളെ – പദവിയുടെ ആധാരം പഠിപ്പാണ്, ആരാണോ പഴയ ഭക്തർ അവർ നന്നായി പഠിക്കുകയും ഉയർന്ന പദവി നേടുകയും ചെയ്യും.**

**ചോദ്യം** – ബാബയുടെ ഓർമ്മയിലിരിക്കുന്നവരുടെ അടയാളം എന്തായിരിക്കും?
**ഉത്തരം** – ഓർമ്മയിലിരിക്കുന്നവരിൽ നല്ല ഗുണമുണ്ടായിരിക്കും. അവർ പവിത്രമായിക്കൊണ്ടിരിക്കും. രാജകീയത വന്നുകൊണ്ടിരിക്കും. പരസ്പരം മധുരമായ പാലുപോലുള്ള സ്വഭാവമായിരിക്കും, മറ്റുള്ള വരെ നോക്കാതെ സ്വയത്തെ നോക്കും. അവരുടെ ബുദ്ധിയിലുണ്ടായിരിക്കും – ആര് ചെയ്യുന്നുവോ അവർ നേടും.

**ഓം ശാന്തി**. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നു, ഈ ഭാരതത്തിൽ ആദി സനാതന ദേവീ ദേവതാ ധർമ്മമാണ്, അതിന്റെ ശാസ്ത്രമാണ് ഗീത എന്ന്. ഈ ഗീത ആരാണ് പാടിയത്, ഇത് ആർക്കും അറിയില്ല. ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. ബാക്കി ഈ ഹോളീ മുതലായവയൊന്നും തങ്ങളുടെ ഉത്സവങ്ങളല്ല, ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ ഉത്സവങ്ങളാണ്. ഉത്സവമാണെങ്കിൽ കേവലം ഒരേയൊരു ത്രിമൂർത്തി ശിവ ജയന്തിയാണ്. അത്രയേയുള്ളു. കേവലം ശിവജയന്തിയെന്ന് ഒരിക്കലും പറയരുത്. ത്രിമൂർത്തി എന്ന വാക്ക് ഇടുന്നില്ലെങ്കിൽ മനുഷ്യർ മനസ്സിലാക്കില്ല. ത്രിമൂർത്തിയുടെ ചിത്രത്തിലുള്ളത് പോലെ, ദൈവീക സ്വരാജ്യം താങ്കളുടെ ജന്മസിദ്ധ അധികാരമാണ് എന്ന് താഴെ എഴുതിയിട്ടുണ്ടായിരിക്കണം. ശിവഭഗവാൻ അച്ഛനുമാണല്ലോ. തീർച്ചയായും വരുന്നുണ്ട്, വന്നിട്ട് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നുണ്ട്. സ്വർഗ്ഗത്തിന്റെ അധികാരിയായി മാറിയിട്ടുമുണ്ട് രാജയോഗം പഠിക്കുന്നതുകൊണ്ട്. ഉള്ളിലെ ചിത്രങ്ങളിലാണെങ്കിൽ ഒരുപാട് ജ്ഞാനമുണ്ട്. മനുഷ്യർ കാണുമ്പോൾ അത്ഭുതം ഉണ്ടാകുന്ന തരത്തിലുള്ള ചിത്രങ്ങൾ ഉണ്ടാക്കണം. അതും ആരാണോ വളരെയധികം ഭക്തി ചെയ്തിട്ടുള്ളത്, അവർ തന്നെ നല്ല രീതിയിൽ ജ്ഞാനവും എടുക്കും. കുറച്ച് ഭക്തി ചെയ്യുന്നവർ കുറച്ചേ എടുക്കൂ പദവിയും കുറവായിരിക്കും. ദാസ ദാസിയിലും നമ്പർവൈസായിരിക്കുമല്ലോ. മുഴുവൻ ആധാരവും പഠിപ്പിലാണ്. നിങ്ങളിലും വളരെ കുറച്ച് പേരാണ് ആർക്കാണോ നല്ല രീതിയിൽ യുക്തിയോടുകൂടി സംസാരിക്കാൻ സാധിക്കുന്നത്. നല്ല കുട്ടികളുടെ പെരുമാറ്റവും നല്ലതായിരിക്കും. ഗുണവും സുന്ദരമായിരിക്കും. എത്രത്തോളം ബാബയുടെ ഓർമ്മയിലിരിക്കുന്നുവോ അത്രയും പവിത്രമാവുകയും ചെയ്യും രാജകീയതയും വരും. ശൂദ്രന്മാരിൽ പോലും വളരെ നന്നായി പെരുമാറുന്നവരുണ്ട്, ഇവിടെ ചില ബ്രാഹ്മണകുട്ടികളുടെ പെരുമാറ്റത്തെക്കുറിച്ച് ചോദിക്കേണ്ടിതില്ല, ഇവരെ ഈശ്വരനാണോ പഠിപ്പിക്കുന്നതെന്ന് മറ്റുള്ളവരും പറയുന്ന രീതിയിലാണ് പെരുമാറ്റം. അതിനാൽ കുട്ടികളുടെ പെരുമാറ്റം അങ്ങനെയാവരുത്. വളരെ മധുരമായ പാലുപോലെയായിരിക്കണം, ആര് ചെയ്യുന്നുവോ അവർ നേടും. ചെയ്തില്ലായെങ്കിൽ നേടുകയുമില്ല. ബാബയാണെങ്കിൽ നല്ല രീതിയിൽ മനസ്സിലാക്കിതന്നുകൊണ്ടിരിക്കുന്നു. ആദ്യമാദ്യം ബാബയുടെ പരിചയം കൊടുത്തുകൊണ്ടിരിക്കൂ. ത്രിമൂർത്തിയുടെ ചിത്രമാണെങ്കിൽ വളരെ നല്ലതാണ് – രണ്ടുവശത്തുമായി സ്വർഗ്ഗവും നരകവുമുണ്ട്. ചക്രത്തിലും വ്യക്തമാണ്. ഏത് ധർമ്മത്തിലുള്ളവരാണെങ്കിലും നിങ്ങൾക്ക് ഈ ചക്രത്തിൽ അഥവാ വൃക്ഷത്തിലൂടെ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും– ഈ കണക്കിൽ നിങ്ങൾ സ്വർഗ്ഗമാകുന്ന പുതിയ ലോകത്തിൽ വരുക സാധ്യമല്ല. ആരാണോ ഏറ്റവും ഉയർന്ന ധർമ്മത്തിലുണ്ടായിരുന്നത്, ഏറ്റവും സമ്പന്നമായിരുന്നത്, അവർ തന്നെയാണ് ഏറ്റവും ദരിദ്രമാകുന്നത്, ആരാണോ ഏറ്റവും ആദ്യമാദ്യം ഉണ്ടായിരുന്നത്, എണ്ണത്തിലും അവർ വളരെ കൂടുതലായിരിക്കും പക്ഷെ ഹിന്ദുക്കൾ ഒരുപാട് പേർ മറ്റു ധർമ്മങ്ങളിലേയ്ക്ക് കൺവെർട്ടായി പോയിട്ടുണ്ട്. തന്റെ ധർമ്മത്തെ അറിയാത്തതു കാരണം മറ്റ് ധർമ്മങ്ങളിലേയ്ക്ക് പോയിരിക്കുന്നു അതല്ലെങ്കിൽ ഹിന്ദുധർമ്മമെന്ന് പറയുന്നു. തന്റെ ധർമ്മത്തെ പോലും അറിയുന്നില്ല. ശാന്തി ദേവായെന്ന് ഈശ്വരനെ ഒരുപാട് വിളിക്കുന്നു, പക്ഷെ ശാന്തിയുടെ അർത്ഥം മനസ്സിലാക്കുന്നില്ല. പരസ്പരം ശാന്തിയുടെ സമ്മാനം കൊടുത്തുകൊണ്ടേയിരിക്കുന്നു. ഇവിടെ നിങ്ങൾ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിന് നിമിത്തമായി മാറിയിരിക്കുന്ന കുട്ടികൾക്ക് ബാബ വിശ്വത്തിന്റെ രാജ്യഭാഗ്യം സമ്മാനമായി നൽകുന്നു. ഈ സമ്മാനവും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് ലഭിക്കുന്നത്. നൽകുന്നത് ഭഗവാനായ ബാബയാണ്. സമ്മാനം എത്ര വലുതാണ് – സൂര്യവംശീ വിശ്വത്തിന്റെ രാജ്യ ഭാഗ്യം! ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ വിശ്വത്തിന്റെ ചരിത്രം–ഭൂമിശാസ്ത്രം, വർണ്ണം മുതലായ എല്ലാമുണ്ട്. വിശ്വത്തിന്റെ രാജ്യഭാഗ്യം നേടണമെങ്കിൽ കുറച്ച് പരിശ്രമവും ചെയ്യേണ്ടതുണ്ട്. പോയന്റെല്ലാം വളരെ സഹജമാണ്. ടീച്ചർ എന്ത് ജോലിയാണോ നൽകുന്നത് അത് ചെയ്ത് കാണിക്കണം. അതിനാൽ ബാബ കാണുന്നുണ്ട് ആരിലാണ് പൂർണ്ണമായ ജ്ഞാനം. പല കുട്ടികളും മുരളിയിൽ പോലും ശ്രദ്ധ നൽകുന്നില്ല. സ്ഥിരമായി മുരളി പഠിക്കുന്നില്ല. ആരാണോ മുരളി പഠിക്കാത്തത് അവർ ആർക്ക് എന്ത് മംഗളം

ചെയ്യാനാണ്! ആരുടെയും മംഗളം ചെയ്യാത്ത ഒരുപാട് കുട്ടികളുണ്ട്. തന്റെയും, മറ്റുള്ളവരുടെയും മംഗളം ചെയ്യുന്നില്ല അതുകൊണ്ട് കുതിരപട, കാലാൾപട എന്നെല്ലാം പറയപ്പെടുന്നു. വളരെ കുറച്ചാണ് മഹാരഥികൾ, സ്വയം മനസ്സിലാക്കാനും സാധിക്കുന്നു– ആരെല്ലാമാണ് മഹാരഥികൾ. പറയുന്നു ബാബാ, ഗുൽസാറിനെ, കുമാരകയെ, മനോഹർ ദാദിമാരെ അയക്കൂ....... കാരണം സ്വയം കുതിര പടയാളിയാണ്. അവർ മഹാരഥിയാണ്. ബാബയാണെങ്കിൽ എല്ലാ കുട്ടികളെയും നല്ല രീതിയിൽ മനസ്സിലാക്കുന്നു. ചിലരിൽ ഗ്രഹപിഴയുമുണ്ടല്ലോ. ചില നല്ല നല്ല കുട്ടികൾക്കുപോലും മായയുടെ കൊടുങ്കാറ്റ് വരുന്നതുകൊണ്ട് സ്തുതി പാടകരായി മാറുന്നു. ജ്ഞാനത്തിൽ ശ്രദ്ധ വെയ്ക്കുന്നേയില്ല. ബാബയ്ക്ക് ഓരോരുത്തരുടെ സേവനത്തിൽ നിന്ന് അറിയാൻ സാധിക്കുമല്ലോ. സേവനം ചെയ്യുന്നവർ തന്റെ പൂർണ്ണമായ വാർത്ത ബാബയ്ക്ക് നൽകികൊണ്ടിരിക്കും.

നിങ്ങൾ കുട്ടികൾക്കറിയാം ഗീതയുടെ ഭഗവാൻ നമ്മേ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റികൊണ്ടിരിക്കുകയാണ്. ഗീത പോലും മന:പാഠമാക്കുന്ന അനേകരുണ്ട്, ആയിരക്കണക്കിന് രൂപ സമ്പാദിക്കുന്നു. നിങ്ങൾ ബ്രാഹ്മണ സമ്പ്രദായത്തിലുള്ളവരാണ് പിന്നീട് ദൈവീക സമ്പ്രദായത്തിലാകുന്നു. ഈശ്വരന്റെ സന്താനമെന്നാണ് എല്ലാവരും സ്വയത്തെ പറയുന്നത് എന്നിട്ടും പറയുന്നു നമ്മളെല്ലാവരും ഈശ്വരനാണ്, ആർക്ക് എന്ത് തോന്നുന്നുവോ അത് പറഞ്ഞുകൊണ്ടിരിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ മനുഷ്യരുടെ അവസ്ഥ എങ്ങനെയായി മാറിയിരിക്കുന്നു. ഈ ലോകം തന്നെ അയൺ ഏജ് പതിതമാണ്. ഈ ചിത്രത്തിലൂടെ വളരെ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഒപ്പം ദൈവീക ഗുണവും ആവശ്യമാണ്. അകത്തും പുറത്തും സത്യത ഉണ്ടായിരിക്കണം. ആത്മാവും അസത്യമായി മാറിയിരിക്കുന്നു അവരെ പിന്നീട് സത്യമായ ബാബ സത്യമാക്കി മാറ്റുന്നു. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. ദൈവീക ഗുണം ധാരണ ചെയ്യിപ്പിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ഇങ്ങനെയുള്ള (ലക്ഷ്മീ –നാരായണൻ) ഗുണവാനായി മാറികൊണ്ടിരിക്കുകയാണ്. തന്റെ ചെക്കിംഗ് ചെയ്തുകൊണ്ടിരിക്കൂ – എന്നിൽ ഒരു ആസുരീയ അവഗുണവും ഇല്ലല്ലോ? മുന്നോട്ട് പോകുന്തോറും അനേകർ വീണു പോകുന്ന തരത്തിൽ മായയുടെ അടി ഉണ്ടാകുന്നു.

നിങ്ങളെ സംബന്ധിച്ച് ഈ ജ്ഞാനവും യോഗവും തന്നെയാണ് ഹോളി–ധുരിയ. അവരും ഹോളിയെല്ലാം ആഘോഷിക്കുന്നുണ്ട് എന്നാൽ അതിന്റെ അർത്ഥം എന്താണ്, ഇതും ആരും അറിയുന്നില്ല. വാസ്തവത്തിൽ ഇത് ജ്ഞാനവും യോഗവുമാണ്, ഇതിലൂടെ നിങ്ങൾ സ്വയത്തെ വളരെ ഉയർന്നതാക്കി മാറ്റുന്നു. അവരാണെങ്കിൽ എന്തെല്ലാമാണ് ചെയ്യുന്നത്, പൊടികളിടുന്നു കാരണം ഇത് ഘോര നരകമാണ്. പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശത്തിന്റെയും കർത്തവ്യം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. നിങ്ങൾ ഈശ്വരീയ സന്താനങ്ങളെ പോലും മായ പെട്ടെന്ന് അങ്ങനെ ഇടിച്ചു വീഴ്ത്തുന്നു അവർ ശക്തമായി ചെളികുഴിയിലേയ്ക്ക് വീഴുന്നു. പിന്നീട് അതിൽ നിന്ന് പുറത്തുവരാൻ വളരെയധികം പരിശ്രമം ചെയ്യണം, ഇതിൽ പിന്നെ ആശിർവാദം മുതലായവയുടെ ഒരു കാര്യവും ഉണ്ടായിരിക്കില്ല. പിന്നീട് ഇതിൽ നിന്നും ഉയർന്നു വരുന്നത് ബുദ്ധിമുട്ടാണ്, അതുകൊണ്ട് വളരെയധികം ശ്രദ്ധ ആവശ്യമാണ്. മായയുടെ യുദ്ധത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഒരിക്കലും ദേഹാഭിമാനത്തിൽ കുടുങ്ങരുത്. സദാ ജാഗ്രത, എല്ലാവരും സഹോദരി –സഹോദരന്മാരാണ്. ബാബ എന്താണോ പഠിപ്പിച്ചുകൊടുക്കുന്നത് അതു തന്നെയാണ് സഹോദരിമാരും പഠിപ്പിക്കുന്നത്. സമർപ്പണം ബാബയുടെയാണ്, സഹോദരിമാരുടെയല്ല. ബ്രഹ്മാവിന്റെയും സമർപ്പണമല്ല. അദ്ദേഹവും പുരുഷാർത്ഥത്തിലൂടെയാണ് പഠിച്ചത്. പുരുഷാർത്ഥം നന്നായി ചെയ്യുക അർത്ഥം തന്റെ തന്നെ മംഗളം ചെയ്യലാണ്. സ്വയത്തെ പഠിപ്പിക്കുകയാണെങ്കിൽ നമ്മൾ നമ്മുടെ തന്നെ മംഗളം ചെയ്യുകയാണ്.

ഇന്ന് ഹോളിയാണ്, ഇപ്പോൾ ഹോളിയുടെ ജ്ഞാനവും കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജ്ഞാനവും യോഗവും. പഠിപ്പിനെ ജ്ഞാനം എന്ന് പറയുന്നു. യോഗം എന്ത് വസ്തുവാണ്, ആർക്കും അറിയുകയില്ല. യോഗം ജ്ഞാനത്തിൽ നിന്ന് വ്യത്യസ്തമാണ്. ജ്ഞാനം നിങ്ങൾക്ക് ഇവിടെ നിന്ന് ലഭിക്കുന്നു, ഇതിലൂടെ നിങ്ങൾ പ്രാപ്തി നേടുന്നു. ബാക്കി അത് ശാന്തിധാമമാണ്. ഇവിടെ പാർട്ടഭിനയിച്ച് ക്ഷീണിച്ച് പോകുന്നു അതിനാൽ വീണ്ടും ശാന്തിയിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഈ ചക്രത്തിന്റെ ജ്ഞാനമുണ്ട്. ഇപ്പോൾ നമ്മൾ സ്വർഗ്ഗത്തിലേയ്ക്ക് പോകും പിന്നീട് 84 ജന്മങ്ങളെടുത്ത് നരകത്തിൽ വരും. വീണ്ടും അതേ അവസ്ഥ ഉണ്ടാകും, ഇത് നടന്നുകൊണ്ടേയിരിക്കും. ഇതിൽ നിന്ന് ആർക്കും രക്ഷപ്പെടാൻ സാധിക്കില്ല. ചിലർ പറയുന്നു ഈ ഡ്രാമ ഉണ്ടാക്കിയിരിക്കുന്നത് തന്നെ എന്തിനാണ്? ഹേയ്, ഇതാണെങ്കിൽ പഴയ ലോകത്തിന്റെയും പുതിയ ലോകത്തിന്റെയും കളിയാണ്. അനാദിയായി ഉണ്ടാക്കിയിട്ടുള്ളതാണ്. വൃക്ഷത്തിലൂടെ മനസ്സിലാക്കി കൊടുക്കുക വളരെ നല്ലതാണ്. ഏറ്റവും ആദ്യത്തെ മുഖ്യ

മായ കാര്യമാണ് ബാബയെ ഓർമ്മിക്കൂ അപ്പോൾ പാവനമായി മാറാം. മുന്നോട്ട് പോകുന്തോറും മനസ്സിലാക്കാൻ സാധിക്കും - ആരെല്ലാമാണ് ഈ കുലത്തിലുള്ളത് ആരെല്ലാമാണ് മറ്റ് ധർമ്മങ്ങളിലേയ്ക്ക് മാറിപ്പോയവർ, അവരും വരും. എപ്പോൾ എല്ലാവരും വരുന്നുവോ അപ്പോൾ മനുഷ്യർ അത്ഭുതപ്പെടും. എല്ലാവരോടും ഇത് തന്നെ പറയണം ദേഹാഭിമാനം ഉപേക്ഷിച്ച് ദേഹീ അഭിമാനിയാകൂ. നിങ്ങൾക്ക് വേണ്ടി പഠിപ്പ് തന്നെയാണ് വലിയ ഉത്സവം, അതിലൂടെ നിങ്ങൾക്ക് വളരെയധികം സമ്പാദ്യമുണ്ടാകുന്നു. ആ മനുഷ്യരാണെങ്കിൽ ഇങ്ങനെയുള്ള ഉത്സവങ്ങൾ ആഘോഷിക്കുന്നതിന് വേണ്ടി എത്രയധികം പൈസയാണ് ചിലവാക്കുന്നത്, എത്ര വഴക്ക് മുതലായവ ഉണ്ടാകുന്നു. പഞ്ചായത്തീ രാജിൽ ബഹളം തന്നെ ബഹളമാണ്, ആർക്കെങ്കിലും കൈക്കൂലി കൊടുത്തും കൊല്ലിപ്പിക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ ഒരുപാട് ഉദാഹരണങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു. കുട്ടികൾക്കറിയാം സത്യയുഗത്തിൽ യാതൊരു ഉപദ്രവവും ഉണ്ടായിരിക്കുകയില്ല. രാവണരാജ്യത്തിൽ ഒരുപാട് ഉപദ്രവമുണ്ടാകുന്നു. ഇപ്പോഴാണെങ്കിൽ തമോപ്രധാനമാണല്ലോ. പരസ്പരം അഭിപ്രായ ഐക്യമില്ലാത്തതുകാരണം വളരെയധികം വഴക്കുണ്ടാകുന്നു, അതുകൊണ്ട് ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ് ഈ പഴയ ലോകത്തെ മറന്ന് ഏകാന്തരായി മാറൂ, വീടിനെ ഓർമ്മിക്കൂ. തന്റെ സുഖധാമത്തെ ഓർമ്മിക്കൂ, ആരോടും കൂടുതൽ സംസാരിക്കാതിരിക്കൂ, ഇല്ലായെങ്കിൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരും. വളരെ മധുരമായും, ശാന്തമായും, സ്നേഹത്തോടെയും സംസാരിക്കുന്നത് നല്ലതാണ്. കൂടുതൽ സംസാരിക്കാതിരിക്കുന്നതും നല്ലതാണ്. ശാന്തിയിലിരിക്കുന്നത് ഏറ്റവും നല്ലതാണ്. നിങ്ങൾ കുട്ടികളാണെങ്കിൽ ശാന്തിയിലൂടെ വിജയം നേടുന്നവരാണ്. ഒരു ബാബയോടല്ലാതെ വേറെ ആരുമായും പ്രീതി വെയ്ക്കരുത്. ബാബയിൽ നിന്ന് എത്ര സമ്പത്ത് എടുക്കാമോ അത്രയും എടുക്കൂ. ഇല്ലായെങ്കിൽ ലൗകിക അച്ഛന്റെ സ്വത്തിന് വേണ്ടി എത്രയാ വഴക്കടിക്കേണ്ടി വരുന്നത്. ഇതിൽ ഒരു പ്രശ്നവുമില്ല. എത്ര ആഗ്രഹിക്കുന്നുവോ അത്രയും തന്റെ പഠിപ്പിലൂടെ എടുക്കാൻ സാധിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. സത്യമായ ബാബ സത്യമാക്കി മാറ്റുന്നതിന് വന്നിരിക്കുകയാണ് അതുകൊണ്ട് സത്യതയിലൂടെ നടക്കണം. തന്റെ ചെക്കിംഗ് ചെയ്യണം - എന്നിൽ യാതൊരു ആസുരീയ അവഗുണവും ഇല്ലല്ലോ? ഞാൻ കൂടുതൽ സംസാരിക്കുന്നില്ലല്ലോ? വളരെ മധുരമായി മാറി ശാന്തിയോടെയും സ്നേഹത്തോടെയും സംസാരിക്കണം.

2. മുരളിയിൽ പൂർണ്ണ ശ്രദ്ധ നൽകണം. ദിവസവും മുരളി പഠിക്കണം. തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യണം. ടീച്ചർ എന്ത് ജോലിയാണോ നൽകിയിരിക്കുന്നത് അത് ചെയ്ത് കാണിക്കണം.

## വരദാനം: ഹോളി എന്ന ശബ്ദത്തിന്റെ അർത്ഥത്തെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് പുരുഷാർത്ഥത്തിന്റെ വേഗതയെ വർദ്ധിപ്പിക്കുന്നവരായ തീവ്ര പുരുഷാർത്ഥിയായി ഭവിക്കട്ടെ.

ഹോളി അർത്ഥം എന്താണോ കഴിഞ്ഞുപോയതും നടന്നതുമായ സംഭവത്തെ തീർത്തും ഇല്ലാതാക്കുക. ഹോളി ആഘോഷിക്കുക അർത്ഥം കഴിഞ്ഞു പോയതിന് വിട്ട് മുന്നോട്ട് പോകുക. കഴിഞ്ഞുപോയ കാര്യങ്ങൾ ഇങ്ങനെ അനുഭവമുണ്ടാകണം എങ്ങനെയാണോ വളരെ പഴയത്, ഈ ജന്മത്തെ കാര്യമല്ല, എപ്പോഴാണോ ഇങ്ങനെയൊരു സ്ഥിതിയുണ്ടാകുന്നത് അപ്പോൾ പുരുഷാർത്ഥത്തിന്റെ വേഗത വർദ്ധിക്കും. അതിനാൽ തന്റെ അഥവാ മറ്റുള്ളവരുടെ കഴിഞ്ഞു പോയ കാര്യങ്ങളെ ഒരിക്കലും ചിന്തനത്തിൽ കൊണ്ടുവരരുത്, മനസ്സിൽ സൂക്ഷിക്കരുത്, കൂടാതെ ഒരിക്കലും വർണിക്കരുത്. അപ്പോഴേ തീവ്രപുരുഷാർത്ഥിയായി മാറാൻ സാധിക്കൂ.

## സ്ലോഗൻ : ഓർമ്മയുടെ സഹജമായ സാധനയാണ് സ്നേഹം. അതിനാൽ സദാ സ്നേഹിയായിരിക്കൂ സ്നേഹിയാക്കി മാറ്റൂ.

## മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ
### "ഗുപ്ത ബന്ധനസ്ഥരായ ഗോപികമാരുടെ മഹിമാഗാനം"

**ഗീതം:-** കാണുന്നില്ലെങ്കിലും സ്നേഹിക്കൂ, വീട്ടിലിരുന്നുകൊണ്ട് സ്മരിക്കൂ..........

ഇപ്പോൾ ഈ ഗീതം ഏതോ ലഹരി പിടിച്ച ബന്ധനസ്ഥരായ ഗോപികമാരുടെ മഹിമാഗാനമാണ്, ഇത് കൽപ-കൽപമായുള്ള വിചിത്രമായ കളിയാണ്. കാണുന്നില്ലെങ്കിലും സ്നേഹിക്കുന്നു, ലോകർക്ക് എന്തറിയാം, കൽപ-കൽപമായുള്ള പാർട്ട് അതേപടി ആവർത്തിക്കുകയാണ്. ആ ഗോപിക വീട് ഉപേക്ഷിച്ചിരുന്നില്ലെങ്കിലും പക്ഷെ കർമ്മബന്ധനങ്ങൾ തീർപ്പാക്കിക്കൊണ്ടിരിക്കുകയാണ്, അപ്പോൾ ഇവർ എത്രമാത്രം ലഹരിയിൽ ആടിപ്പാടിക്കൊണ്ടിരിക്കുകയാണ്. അതിനാൽ വാസ്തവത്തിൽ വീട് വിടുന്നതിന്റെ കാര്യമൊന്നുമില്ല. വീട്ടിലിരുന്നുകൊണ്ട്, കണ്ടില്ലെങ്കിലും ആ സുഖത്തിലിരുന്ന് സേവനം ചെയ്യണം. ഏത് സേവനമാണ് ചെയ്യേണ്ടത്? പവിത്രമായിരുന്ന് പവിത്രമാക്കി മാറ്റാനുള്ള മൂന്നാമത്തെ നേത്രം നിങ്ങൾക്കിപ്പോൾ ലഭിച്ചിരിക്കയാണ്. ആദി മുതൽ അന്ത്യം വരെ ബീജത്തിന്റെയും വൃക്ഷത്തിന്റെയും രഹസ്യം നിങ്ങളുടെ ദൃഷ്ടിയിലുണ്ട്. അപ്പോൾ ബലിയർപ്പണം ഈ ജീവിതത്തിന്റെതാണ്, ഈ ജ്ഞാനത്തിലൂടെ 21 ജന്മത്തേക്ക് സൗഭാഗ്യം ഉണ്ടാക്കിക്കൊണ്ടിരിക്കയാണ്. ഇക്കാര്യത്തിൽ അഥവാ അൽപമെങ്കിലും നാട്ടുനടപ്പുള്ള വികാരീ കുലമര്യാദകൾ വന്നാൽ അവർക്ക് സേവനം ചെയ്യാൻ സാധിക്കില്ല, ഇത് തങ്ങളിലുള്ള കുറവാണ്. പലർക്കും ഈ വിചാരം വരുന്നു, ഈ ബ്രഹ്മാകുമാരിമാർ വീട് ഉപേക്ഷിപ്പിക്കാൻ വന്നിരിക്കുകയാണ്, പക്ഷെ ഇതിൽ വീട് വിടുന്നതിന്റെ കാര്യമൊന്നുമില്ല, വീട്ടിലിരുന്നുകൊണ്ടും പവിത്രമായിരിക്കണം സേവനവും ചെയ്യണം, ഇതിൽ ബുദ്ധിമുട്ടുള്ളതായി ഒന്നും തന്നെയില്ല. പവിത്രമായിരിക്കാമെങ്കിൽ പവിത്രലോകത്തിൽ പോകുന്നതിന്റെ അധികാരിയാകും. ബാക്കി ആരാണോ പോകാത്തവർ അവർ കല്പം മുമ്പത്തെപ്പോലെ ശത്രുതയുടെ പാർട്ട് അഭിനയിക്കും, ഇക്കാര്യത്തിൽ ആരുടെയും കുറ്റം പറയാനില്ല. നമ്മൾക്ക് പരമാത്മാവിന്റെ കാര്യത്തെക്കുറിച്ച് അറിയാമെന്നത് പോലെ ഡ്രാമക്കുള്ളിൽ ഓരോരുത്തരുടെയും പാർട്ടിന്റെ അറിവുള്ളതിനാൽ വെറുപ്പ് തോന്നുകയില്ല. അങ്ങിനെയുള്ള തീവ്രപുരുഷാർത്ഥി ഗോപികമാർ മത്സരിച്ച് വിജയമാലയിലും വരിക സാദ്ധ്യമാണ്. ശരി, ഓം ശാന്തി.